**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **14-10-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി-പിഴല പാലത്തിലേക്കുള്ള അനുബന്ധ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൂലമ്പിള്ളി, ചാത്തനാട് പാലങ്ങൾക്ക് മധ്യത്തിലുള്ളതും കിഫ്ബി 43 കോടി രൂപ വകയിരുത്തി അംഗീകാരം നൽകിയിട്ടുള്ളതുമായ കടമക്കുടി-പിഴല പാലത്തിലേക്കും മറ്റ് രണ്ട് പാലങ്ങളിലേക്കുമുള്ള കണക്റ്റിവിറ്റിക്കായി വീതി കൂട്ടി നിർമ്മിക്കുന്നതിന് ജി.ഐ.ഡി.എ. (ഗോശ്രീ ഐലന്റ്സ് ഡെവലപ്പ്മെന്റ് അതോറിറ്റി) തുക വകയിരുത്തിയിട്ടുള്ള അനുബന്ധ റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | 1. പിഴല - പാലിയംതുരുത് റോഡ്<br><br>2. കടമക്കുടി സൗത്ത് റോഡ്<br><br>3. കടമക്കുടി നോർത്ത് റോഡ് |
| (ബി) | പ്രസ്തുത റോഡുകൾ വീതികൂട്ടി നിർമ്മിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | 1. പിഴല - പാലിയംതുരുത് റോഡ് - 10 കോടി രൂപ. നിലവിൽ 4.0 മീറ്റർ വീതിയുള്ള 1200 മീറ്റർ നീളമുള്ള പഞ്ചായത്ത് റോഡ് 9.0 മീറ്റർ വീതി കൂട്ടി നിർമ്മിക്കുവാനുള്ള സർവ്വേ നടത്തി വരുന്നു.<br><br>2. കടമക്കുടി സൗത്ത് റോഡ് നിർമ്മാണത്തിന് - 10 കോടി രൂപ.നിലവിൽ 4.0 മീറ്ററോളം വീതിയുള്ള പഞ്ചായത്ത് റോഡ് 9.0 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള സർവ്വേ ജോലികൾ പൂർത്തിയായി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലക്ക് ഭൂമി ഏറ്റെടുക്കാനുള്ള അനുമതി സർക്കാരിൽ പരിഗണനയിലാണ്.<br><br>3. കടമക്കുടി നോർത്ത് റോഡ് നിർമ്മാണത്തിന് - 10 കോടി രൂപ റോഡ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് സർവ്വേ പൂർത്തിയായി. അലൈൻമെന്റ് സംബന്ധിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്ന സാഹചര്യത്തിൽ തർക്ക പരിഹാര ശ്രമങ്ങൾ സ്വീകരിച്ച് വരുന്നു. |
| (സി) | ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മൂലമ്പിള്ളി പാലത്തിൽ നിന്നുള്ള 350 മീറ്റർ റോഡിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 350 മീറ്റർ റോഡ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി ഈ പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പ്രവർത്തി തുടരുന്നതാണ്. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | 2025 ജനുവരി 31 നകം പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അനുമാനിക്കുന്നു. |
| (ഇ) | മൂലമ്പിള്ളി പാലത്തെയും ചാത്തനാട്-കടമക്കുടി പാലത്തെയും ബന്ധിപ്പിക്കുന്നതിനായി അനുയോജ്യമായ അനുബന്ധ റോഡുകൾ ഇല്ലെന്ന കാരണം ഉന്നയിച്ച് കിഫ്ബി തുക അനുവദിച്ച കടമക്കുടി-പിഴല പാലം പദ്ധതി മാറ്റിവെക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് എം.എൽ.എ. യുടെ നിർദ്ദേശപ്രകാരം വിളിച്ച് ചേർത്ത കിഫ്ബിയുടെ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അനുബന്ധ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എഫ്) | KRFB ഉദ്യോഗസ്ഥരുമായുള്ള ചർച്ച നിശ്ചയിച്ചിട്ടുണ്ട്. റോഡിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ